**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 42** | **29.01.2019-ൽ മറുപടിക്ക്**

## ഹർത്താലും പണിമുടക്കും ടൂറിസം മേഖലയ്ക്ക് ഉണ്ടാക്കുന്ന നഷ്ടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) അടിയ്ക്കടിയുണ്ടാകുന്ന ഹർത്താലുകളും മിന്നൽ പണിമുടക്കുകളും ടൂറിസം മേഖലയെ പിന്നോട്ടടിച്ചുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. തുടർച്ചയായി ഉണ്ടാകുന്ന ഹർത്താലുകളും മിന്നൽ പണിമുടക്കുകളും ടൂറിസം മേഖലയെ എങ്ങനെ ബാധിച്ചു എന്നതിനെ സംബന്ധിച്ച പ്രത്യേക പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല. എന്നാൽ 2018-ലെ സ്ഥിതി വിവരക്കണക്ക് അനുസരിച്ച് മെയ് മാസം മുതൽ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിലും ആഗസ്റ്റ് മാസം മുതൽ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിലും ഇടിവ് ഉണ്ടായിട്ടുണ്ട്. |
| ബി) 2019 ലുണ്ടായ ഹർത്താലിലും പണിമുടക്കിലും ടൂറിസം മേഖലയ്ക്ക് ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ബി) 2019-ലെ സ്ഥിതി വിവരക്കണക്ക് ശേഖരിച്ച് തുടങ്ങിയിട്ടില്ല. |
| സി) യു.കെ., യു.എസ്.എ. തുടങ്ങിയ രാജ്യങ്ങൾ, കേരളത്തിലെത്തുന്ന അവരുടെ പൗരന്മാർക്ക് സുരക്ഷാ മുന്നറിയിപ്പ് | സി) യു.കെ., യു.എസ്.എ. തുടങ്ങിയ രാജ്യങ്ങൾ, കേരളത്തിലെത്തുന്ന അവരുടെ പൗരന്മാർക്ക് സുരക്ഷാ മുന്നറിയിപ്പ് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സുരക്ഷാ മുന്നറിയിപ്പുകൾ ടൂറിസം മേഖലയുടെ |

| | | | |
|---|---|---|---|
| | നൽകിയത് ടൂറിസം മേഖലയെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; | | പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. |
| ഡി) | എങ്കിൽ ടൂറിസം മേഖലയെ പൂർണ്ണമായും ഹർത്താലിൽ നിന്നും പണിമുടക്കിൽ നിന്നും ഒഴിവാക്കുന്നതിനും സംസ്ഥാനത്തെത്തുന്ന വിദേശ ടൂറിസ്റ്റുകളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ? | ഡി) | 15.05.2018 ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിൽ ടൂറിസം മേഖലയെ ഹർത്താലിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചിരുന്നു. സംസ്ഥാനത്തെത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചു വരുന്നു. വിനോദസഞ്ചാരികൾക്ക് സുരക്ഷാ പ്രശ്നങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽ ജില്ലാ ഭരണകൂടങ്ങളുടെയും ആഭ്യന്തര വകുപ്പിന്റെയും സഹായത്തോടെ വിഷയം പരിഹരിക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ